പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5426 — 23.05.2017 ൽ മറുപടിക്ക്

## കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തി നടത്തിവന്ന ബോട്ട് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തി നടത്തിവന്ന ബോട്ട് സർവ്വീസ് തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തടസ്സപ്പെട്ടിട്ടില്ല. അവധി ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തുന്ന എറണാകുളം - വരാപ്പുഴ ബോട്ട് സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) പ്രസ്തുത സർവ്വീസ് തുടരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(സി) എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ? | (ബി) & (സി) നിവേദനം ലഭിച്ചിട്ടുണ്ട്. എറണാകുളം - വരാപ്പുഴ സർവ്വീസ് തുടരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച കത്ത് വൈപ്പിൻ എം.എൽ.എ. ശ്രീ. എസ്.ശർമ്മ , കടമക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ പക്കൽ നിന്നും ലഭിച്ചിട്ടുണ്ട്. വകുപ്പ്, അവധി ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തുന്ന എറണാകുളം - വരാപ്പുഴ ബോട്ട് സർവ്വീസ് നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും, ആയത് മുടക്കം കൂടാതെ നടത്തി വരുകയും ചെയ്യുന്നു. എം.എൽ.എ.യുടെയും, പഞ്ചായത്ത് പ്രസിഡന്റിന്റെയും കത്തുകളുടെ അടിസ്ഥാനത്തിൽ, ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ട്രാഫിക് സൂപ്രണ്ട് (ഇൻ - ചാർജ്ജ്), എറണാകുളത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ